# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370


## വാർത്താക്കുറിപ്പ്

**2023 ഡിസംബർ 27**

---

*കസാഖ്സ്ഥാൻ സർവകലാശാലയുമായുള്ള സഹകരണം*

## സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പദ്ധതികൾക്ക് മുൻഗണന-വൈസ് ചാൻസലർ

മഹാത്മാ ഗാന്ധി സർവകലാശാലയും എം. ഔസോവ് സൗത്ത് കസാഖ്സ്ഥാൻ സർവകലാശാലയും സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങളിൽ സംയുക്ത ഗവേഷണ പദ്ധതികൾ ആരംഭിക്കുമെന്ന് വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാർ പറഞ്ഞു. കാലാവസ്ഥാ വ്യതിയാനം, ജലശുദ്ധീകരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളാണ് പരിഗണനയിൽ. ഇതിന് കസാഖ്സ്ഥാനിലെ ഫണ്ടിംഗ് ഏജൻസികളുടെ പിന്തുണ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സംയുക്ത ഡിഗ്രി പ്രോഗ്രാമുകൾ നടത്തുന്നതിനും സർവകലാശാലാ അധികൃതർ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന് കസാഖ്സ്ഥാനിൽ സന്ദർശനം നടത്തുന്ന ഡോ. അരവിന്ദകുമാർ അറിയിച്ചു. വിവിധ തലങ്ങളിൽ സഹകരിക്കുന്നതിന് സർവകലാശാലകൾ തമ്മിൽ അടുത്തയിടെ ധാരണാപത്രം ഒപ്പുവച്ചിരുന്നു.കസാഖ്സ്ഥാനിലെ മറ്റു സർവകലാശാലകളുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിന് ഇന്ത്യൻ എംബസിയുടെ ക്ഷണം എം.ജി സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്.

ഗവേഷണ പദ്ധതികൾക്കു പുറമെ അധ്യാപകരുടെയും വിദ്യാർഥികളുടെയും മികവ് ഉയർത്താൻ ഉപകരിക്കുന്ന എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, സംയുക്ത റിസർച്ച് ലാബോറട്ടറികൾ, രാജ്യാന്തര കോൺഫറൻസുകൾ, സെമിനാറുകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയും ഇരു സർവകലാശാലകളും ലക്ഷ്യമിടുന്നു.

**ഫോട്ടോ ക്യാപ്ഷൻ....**

കസാഖ്സ്ഥാനിലെ എം. ഔസോവ് സർവകലാശാലയിൽ സന്ദർശനം നടത്തുന്ന മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാറും ഔസേവ് സർവകലാശാലാ റെക്ടർ ഡി.പി കൊഴംസറോവയും സഹകരണത്തിനുള്ള ധാരണാപത്രം പ്രദർശിപ്പിക്കുന്നു.

(പി.ആർ.ഒ/39/1476/2023)

## ലാബ് അസിസ്റ്റൻറ്; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ

ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി എന്നിവിടങ്ങളിലും ഐ.ഐ.യു.സി.എൻ.എൻ സെൻററിലും ലാബ് അസിസ്റ്റൻറ് തസ്തികയിൽ താല്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ജനറൽ വിഭാഗത്തിൽ ഒരു ഒഴിവു വീതമാണുള്ളത്. ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം.

ഫിസിക്സ് അല്ലെങ്കിൽ കെമിസ്ട്രിയിൽ ബി.എസ്സിയാണ് അടിസ്ഥാന യോഗ്യത. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 20000 രൂപ. പ്രായപരിധി 2023 ജനുവരി ഒന്നിന് 36 വയസ് കവിയരുത്.

അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് പ്രായം, വിദ്യഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, അധികയോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജനുവരി എട്ടിനകം ada5@mgu.ac.in എന്ന ഇമെയിലിലോ രജിസ്ടാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686560 എന്ന വിലാസത്തിൽ തപാലിലോ അയക്കണം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1477/2023)

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം

മഹാത്മാഗാന്ധി സർവകലാശാലയിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജനുവരിയിൽ ആരംഭിക്കുന്ന റഗുലർ, ഈവനിംഗ്, ഫൗണ്ടേഷൻ ബാച്ചുകളിലെ പ്രവേശനത്തിന് ജനുവരി 15 വരെ അപേക്ഷ സമർപ്പിക്കാം. ഫോൺ- 9188374553.

(പി.ആർ.ഒ/39/1478/2023)

## പരീക്ഷാ ഫലം

ഓഗസ്റ്റിൽ നടത്തിയ ഒൻപതാം സെമസ്റ്റർ ബി.എ എൽ.എൽ.ബി പഞ്ചവത്സര ഇൻറഗ്രേറ്റഡ്(2012-2015 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 11 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ

സമർപ്പിക്കാം.  വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

...................................

ഓഗസ്റ്റിൽ നടത്തിയ ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി (ഓണേഴ്സ് - 2018 അഡ്മിഷൻ റഗുലർ), പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി (ഓണേഴ്സ് - 2015-2017 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് 2018 അഡ്മിഷൻ വിദ്യർഥികൾ ഓൺലൈനിലും 2015-2017 അഡ്മിഷൻ വിദ്യർഥികൾ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും സമർപ്പിക്കാം. അവസാന തീയതി ജനുവരി 11.

(പി.ആർ.ഒ/39/1479/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**